LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ 1 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാധന മുഴുവനായും നൽകിവരുന്നുണ്ട്. മരണമടയുന്ന വ്യക്തികളുടെ ആശ്രിതർ ഒരു വർഷത്തിനകവും പരിക്കേൽക്കുന്നവരും അംഗഭംഗം സംഭവിക്കുന്നവരും 6 മാസത്തിനകവും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകേണ്ടതാണ്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08-1-2015-ലെ സ.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുംപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കൃഷി നാശത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നതാണ്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണ മാത്രമേ കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നുള്ളൂ. കൃഷി നാശം സംബന്ധിച്ച അപേക്ഷ 6 മാസത്തിനകം അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്.

വന്യജീവി ആക്രമണം

139 (3845) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി പട്ടികയിൽ ഏതെല്ലാം മൃഗങ്ങളും ജീവികളുമാണുൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ ഷെഡ്യൂൾ I മുതൽ VI വരെയുള്ള മൃഗങ്ങളും ജീവികളുമാണ് വന്യജീവി എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) വന്യജീവി ആക്രമണത്താൽ മരണപ്പെട്ടാൽ എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത്?

വന്യജീവി ആക്രമണത്താൽ മരണം സംഭവിച്ചാൽ മരണപ്പെടുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 5-4-2018-ലെ സ.ഉ.(കൈ) നം 17/2018/ വനം ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയാണ് നൽകുന്നത്. വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയാണ് നഷ്ടപരിഹാരം നൽകുന്നത്.

(സി) ഇങ്ങനെ മരണപ്പെട്ടവരുടെ ആശ്രിതർ നൽകിയ അപേക്ഷകളിൽ ഏത് വർഷം വരെയുള്ളവർക്കാണ് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Page 2 of 3

LIBRARY ARCHIVES Kerala Legislative Assembly

ഡിവിഷൻ	തീർപ്പാക്കിയ അപേക്ഷകൾ സംബന്ധിച്ച വിവരം
അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം	നാളിതുവരെ ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ട്.
വന്യജീവി വിഭാഗം, പാലക്കാട്	2020 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
ഫീൽഡ് ഡയറക്ടർ, കോട്ടയം	2019 വരെയുള്ള അപേക്ഷ തീർപ്പാക്കിയിട്ടുണ്ട്.
സതേൺ സർക്കിൾ, കൊല്ലം	2020 വരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
നോർത്തേൺ സർക്കിൾ, കണ്ണൂർ	കണ്ണൂർ ഡിവിഷനിൽ 2018 വരെയും കാസർഗോഡ്, നോർത്ത് വയനാട് ഡിവിഷനുകളിൽ 2019 വരെയും സൗത്ത് വയനാട് ഡിവിഷനിൽ 04/2021 വരെയും കോഴിക്കോട് ഡിവിഷനിൽ 2020 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
സെൻട്രൽ സർക്കിൾ, തൃശ്ശൂർ	മലയാറ്റൂർ, വാഴച്ചാൽ ഡിവിഷനുകളിൽ അപേക്ഷകൾ തീർപ്പാക്കാനില്ല. തൃശ്ശൂർ, ചാലക്കുടി ഡിവിഷനുകളിൽ 07/2020 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
ഈസ്റ്റേൺ സർക്കിൾ, പാലക്കാട്	നിലമ്പൂർ നോർത്ത്, മണ്ണാർക്കാട്, നെന്മാറ എന്നീ ഡിവിഷനുകളിൽ 2020 വരെയും നിലമ്പൂർ സൗത്ത്, പാലക്കാട് എന്നീ ഡിവിഷനുകളിൽ 2021 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.
ഹൈറേഞ്ച് സർക്കിൾ, കോട്ടയം	മറയൂർ, മാങ്കുളം എന്നീ ഡിവിഷനുകളിൽ ലഭിച്ച അപേക്ഷകൾക്കെല്ലാം നഷ്ടപരിഹാരം നൽകിയിട്ടുള്ളതാണ്. കോതമംഗലം ഡിവിഷനിൽ 2019 വരെയും മൂന്നാർ ഡിവിഷനിൽ 5/2019 വരെയും കോട്ടയം ഡിവിഷനിൽ 2020 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(ഡി) ഇനി എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ?

തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർക്കിൾ	തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം
വന്യജീവി വിഭാഗം, പാലക്കാട്	2
ഫീൽഡ് ഡയറക്ടർ, കോട്ടയം	2
സതേൺ സർക്കിൾ, കൊല്ലം	22
നോർത്തേൺ സർക്കിൾ, കണ്ണൂർ	38
സെൻട്രൽ സർക്കിൾ, തൃശ്ശൂർ	11
ഈസ്റ്റേൺ സർക്കിൾ, പാലക്കാട്	26
ഹൈറേഞ്ച് സർക്കിൾ, കോട്ടയം	10
ആകെ	111

കാട്ടുമൃഗങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

140 (3846) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങളുടെ ശല്യം നിമിത്തം ജനങ്ങൾ കാർഷികവൃത്തിയിൽനിന്നും പിൻവാങ്ങുന്നത് ഈ മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിള നശിപ്പിക്കുന്ന കാട്ടുമൃഗങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിള നശിപ്പിക്കുന്ന കാട്ടുമൃഗങ്ങളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെചേർക്കുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂട്ടി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. വന്യമൃഗങ്ങൾ ജനവാസമേഖലയിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും ആന പ്രതിരോധ മതിലുകളും കിടങ്ങുകളും ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.